മൈനിംഗ് & ജിയോളജി വകുപ്പിലെ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS)-ന്റെ ഭാഗമായ ഇ-പാസ്സിന് വേണ്ടിയുള്ള രജിസ്ട്രേഷന്റെ നിരക്കാണ് അവസാനമായി നിശ്ചയിച്ചിട്ടുള്ളത്.

(എഫ്) അക്ഷയ പദ്ധതികളുടെ വിവരണങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചും വിവിധ സർക്കാർ സർക്കാരിതര വകുപ്പുകളുമായി ആശയ വിനിമയം നടത്തിയും സംസ്ഥാന-കേന്ദ്ര സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ശില്പശാലകളിൽ അക്ഷയയുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയും പ്രദർശന സ്റ്റാളുകളും വിവിധ തലങ്ങളിലുള്ള ക്യാമ്പയിനുകളും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റിയുടെ കമ്മിറ്റികളിൽ പുതിയ പദ്ധതികളുടെ ആശയ രൂപീകരണവും ചർച്ചകളും സംഘടിപ്പിച്ചും അക്ഷയ സംസ്ഥാന/ജില്ലാ ഓഫീസുകൾ അക്ഷയ സംരംഭകർക്ക് വേണ്ട പിന്തുണ നൽകി വരുന്നുണ്ട്.

**പയ്യന്നൂർ ഐ.ടി. പാർക്ക്**

60 (4216) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഐ.ടി പാർക്ക് തുടങ്ങുന്ന പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഐ.ടി. പാർക്കിന്റെ ഭാഗമായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുവരെ പൂർത്തിയായത്; എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചു;

(സി) 2006-11 സർക്കാരിന്റെ കാലത്ത് അനുവദിച്ച് ഇത്ര വർഷമായിട്ടും പ്രവർത്തനം തുടങ്ങാൻ കഴിയാതെ നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫൗണ്ടേഷൻ വർക്ക് പൂർത്തിയായി. Pre-Engineered Building Material സൈറ്റിൽ എത്തിയിട്ടുണ്ട്.

(ബി) പാർക്കിലേയ്ക്കുള്ള അപ്രോച്ച് റോഡ്, 11 KV ഇലക്ട്രിക്കൽ ലൈൻ, ചുറ്റുമതിൽ, 50,000 ചതുരശ്ര അടി ഐ.ടി കെട്ടിടം എന്നിവയുടെ പണി പൂർത്തീകരിച്ചു. 5 കോടിയോളം രൂപ ഇതുവരെ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ഐ.ടി. പാർക്കിലേയ്ക്കുള്ള അപ്രോച്ച് റോഡിനുള്ള ഭൂമിയുടെ അക്വിസിഷൻ പൂർത്തീകരിച്ചത് 2015-16-ലാണ്. ഇതുമൂലമാണ് പാർക്കിന്റെ പ്രവർത്തനങ്ങൾ തുടങ്ങാൻ കാലതാമസം നേരിട്ടത്.

(ഡി) ഈ സ്ഥലം വ്യവസായ വകുപ്പിന് കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോയെന്ന് വിലയിരുത്തി അവർക്കുകൂടി പ്രയോജന പ്രദമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**നേമം നിയോജക മണ്ഡലത്തിൽ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം**

61 (4218) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽനിന്ന് കഴിഞ്ഞ പത്ത് മാസത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര അപേക്ഷകർക്ക് ധനസഹായം നൽകുകയുണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

62 (4219) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായത്തിനായി ആലപ്പുഴ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന താലൂക്കുകൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇനി എത്ര അപേക്ഷകളിന്മേൽ ആലപ്പുഴ കളക്ടറിൽ നിന്നും മാവേലിക്കര തഹസിൽദാരിൽനിന്നും റിപ്പോർട്ട് ലഭിക്കാനുണ്ട്; വ്യക്തമാക്കുമോ;